**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2576** **17.06.2019-ൽ മറുപടിയ്ക്ക്**

**മിശ്രവിവാഹിതർക്ക് ധനസഹായം**

**ചോദ്യം**

**ശ്രീ.ഷാഫി പറമ്പിൽ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് അനുവദിച്ചിട്ടുള്ള ധനസഹായം എത്രയാണ്; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്കായി 50,000/- രൂപ ധനസഹായമായി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ചു നൽകുന്നുണ്ട്. |
| ബി) | പ്രസ്തുത നിരക്ക് എന്നാണ് നിശ്ചയിച്ചത്; അത് കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | മിശ്രവിവാഹ ധനസഹായതുക 08.03.2012 തീയതിയിലെ സ.ഉ(കൈ)നം.43/12/പജപവവിവ നമ്പർ ഉത്തരവ് പ്രകാരമാണ് നിശ്ചയിച്ചത്. ഇപ്പോൾ നൽകി വരുന്ന 50,000/- രൂപയിൽ നിന്നും 1,00,000/-രൂപയായി വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചു വരുന്നു. |
| സി) | മിശ്രവിവാഹിതരായ ദമ്പതിമാരുടെ മക്കൾക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | സി) | മിശ്രവിവാഹിതരിൽ ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ പ്രസ്തുത കുടുംബത്തിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിച്ചു നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**